# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3531 — 17/12/2015-ന് മറുപടിക്ക്

**ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷാ സെന്ററുകൾ അനുവദിക്കൽ**

**ചോദ്യം**
ശ്രീ.കെ.എം.ഷാജി

**ഉത്തരം**
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പി.എസ്.സി.പരീക്ഷകളിൽ ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലകളിൽ പരീക്ഷാ സെന്ററുകൾ അനുവദിക്കാത്തതുമൂലം പരീക്ഷകൾ എഴുതുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗർഭിണികളായ ഉദ്യോഗാർത്ഥികൾ കേരളത്തിലെ ഏത് ജില്ലയിലെ ഏത് തസ്തികയ്ക്ക് വേണ്ടി അപേക്ഷിച്ചാലും പരീക്ഷാ സെന്ററുകൾ സ്വന്തം ജില്ലയ്ക്ക് പുറത്താണ് ലഭിക്കുന്നതെങ്കിൽ അവരുടെ അപേക്ഷ സ്വീകരിച്ച് | (ബി) യും (സി) യും | പരീക്ഷാ നടപടി ക്രമങ്ങളുടെ ഭാഗമായി ഒരു നിശ്ചിത പരീക്ഷയ്ക്ക് ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ സെന്ററുകൾ അനുവദിക്കുമ്പോൾ, ഗർഭിണികളായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവരവരുടെ ജില്ലകളിൽ തന്നെ |

| | | | |
|---|---|---|---|
| | സ്വന്തം ജില്ലയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്ന നടപടി 2015 മെയ് മാസത്തിനുശേഷം അവസാനിപ്പിച്ചതിന് കാരണം വ്യക്തമാക്കുമോ ; | | (ടി ജില്ലയിൽ പരീക്ഷ നടക്കുന്നുവെങ്കിൽ മാത്രം) സൗകര്യപ്രദമായ പരീക്ഷാ സെന്ററുകൾ നൽകുന്ന രീതി നിലവിൽ തുടർന്ന് വരുന്നുണ്ട്. |
| (സി) | പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ പരീക്ഷാ സെൻറർ അനുവദിക്കുന്നതിന് പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകുകയും ആയതിനുള്ള മറ്റ് നടപടികൾ കൈക്കൊള്ളുമോയെന്നും വിശദമാക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ